# വ്യാപാരം, സാമ്പത്തികം, ശാസ്ത്രം , സാങ്കേതികം , സാംസ്ക്കാരികം, വിദ്യാഭ്യാസം എന്നിവയിലെ സഹകരണത്തെ കുറിച്ചുള്ള ഒന്നാമത് ഇന്ത്യ - ജോർജിയ ഇന്റർഗവമെന്റല് കമ്മീഷന് ചർച്ചകള്

ഏപ്രിൽ 29, 2014

വ്യാപാരം, സാമ്പത്തികം, ശാസ്ത്രം , സാങ്കേതികം , സാംസ്ക്കാരികം, വിദ്യാഭ്യാസം എന്നിവയിലെ സഹകരണത്തെ കുറിച്ചുള്ള ഇന്ത്യ - ജോർജിയ ഇന്റർഗവമെന്റല് കമ്മീഷന്റെ ആദ്യ യോഗം ഏപ്രിൽ 29 നു ന്യൂഡെൽഹിയില് നടന്നു. (ഏപ്രിൽ 29 , 2014)ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (പടിഞ്ഞാറ് )ശ്രീ ദിനകർ ഖുള്ളര് നയിച്ചു. ജോർജിയയില് നിന്നുമുള്ള പ്രതിനിധി സംഘത്തെ ജോർജിയയുടെ ഉപ വിദേശകാര്യ മന്ത്രി ആദരണീയനായ ശ്രീ ഡേവിഡ് ജലഗാനിയ നയിച്ചു . ജോർജിയയിലെ ഉന്നത തല ഉദ്യോഗസ്ഥർ അടങ്ങുന്നതാണ് പ്രതിനിധി സംഘം. ഇരു രാജ്യങ്ങൾക്കുമിടയില് വ്യാപാരം നിക്ഷേപം , ഊർജം , വ്യവസായം , വിവരസാങ്കേതിക വിദ്യ , വിനോദസഞ്ചാരം , ശാസ്ത്രം സാങ്കേതിക വിദ്യ , കോൺസുലാര് വിഷയങ്ങള് , സാംസ്ക്കാരികം , ആരോഗ്യസംരക്ഷണം , ഫാർമസ്യൂട്ടിക്കൽസ് , കൃഷി എന്നിവയിലെ സഹകരണം ആണ് ചർച്ചയുടെ പ്രധാന കേന്ദ്രം . ഇന്ത്യയിൽ നിന്നുമുള്ള കമ്പനികള് ജോർജിയയില് കൃഷി, ഊർജം , ഉരുക്ക് , എന്നാ പര്യവേക്ഷണ മേഖലകളിൽ അടുത്തകാലത്ത് നടത്തിയ നിക്ഷേപങ്ങൾ ജോർജിയ ശ്രധിക്കുകയുണ്ടായി . ഈ യോഗം വ്യാപാരം നിക്ഷേപം എന്നിവയിലെ സഹകരണം അടുത്ത തലത്തിലേക്ക് കൊണ്ടുപോകുന്നതിന് വേണ്ടി ഉറപ്പുള്ള കുറെ നിർദേശങ്ങള്

ചർച്ച ചെയ്യുകയുണ്ടായി . ഫാർമസ്യൂട്ടിക്കൽസ് , വിവരസാങ്കേതിക വിദ്യ , കൃഷി, വിനോദ സഞ്ചാരം എന്നീ മേഖലകളിൽ സഹകരണം തുടങ്ങുന്നതിന് ആവശ്യമായ സാധ്യതകൾ ഇരു വശങ്ങളും പ്രത്യേകമായി നിരീക്ഷിച്ചു . ഇന്റര് ഗവൺമെന്റല് യോഗത്തെ തുടർന്ന് ബിസിനസ് ഫോറം ഫിക്കിയിൽ നടന്നു . ബിസിനസ് ഫോറത്തിൽ ഇരു രാജ്യങ്ങളിലും സാധ്യമായ വ്യാപാര നിക്ഷേപങ്ങളിലെ അവസരങ്ങളെ കുറിച്ചുള്ള അവർതരണങ്ങള് നടന്നു. സഹകരണം, സൗഹൃദം എന്നിവയിലെ ബന്ധങ്ങൾ ഉറപ്പിക്കുന്നതിനും പരസ്പരം പ്രയോജനങ്ങൾ ഉള്ള വ്യാവസായിക താത്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നാ ലക്ഷ്യത്തോടെയും ഫെഡറെഷൻ ഓഫ് ഇന്ത്യന് ചേംബര് ഓഫ് കൊമേഴ്സ് ആൻഡ് ഇന്ഡസ്ട്രി , ജോർജിയന് ചേംബര് ഓഫ് കൊമേഴ്സ് ആൻഡ് (ഫിക്കി ) ഇൻഡസ്ട്രിയും തമ്മിലുള്ള ഒരു ധാരണാപത്രം ഒപ്പ് വച്ചു.

**ന്യൂഡെൽഹി**
**ഏപ്രിൽ 29, 2014**